പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1218 07.06.2018-ൽ മറുപടിയ്ക്ക്

## റോഡ് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റോഡ് നിർമ്മാണ വസ്തുക്കളായ ടാർ, മെറ്റൽ,മണൽ എന്നിവയുടെ രൂക്ഷമായ ദൗർലഭ്യം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (എ) റോഡ് നിർമ്മാണ വസ്തുക്കളായ മെറ്റലിന്റെയും നാച്ചറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ദൗർലഭ്യം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ ഒരു പരിധി വരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മണലിന് പകരം എം.സാന്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. |
| (ബി) എങ്കിൽ മെറ്റൽ, മണൽ എന്നിവയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേർന്ന് അടിയന്തര പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) നിലവിൽ ക്വാറികളുടെ പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് മെറ്റലിന്റെയും, എം.സാന്റിന്റെയും ലഭ്യതയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്. |
| (സി) മഴക്കാലത്തിന് മുമ്പ് ടാറിംഗ് മുതലായ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (സി) മഴക്കാലത്തിന് മുൻപ് മഴക്കാല പൂർവ്വ പ്രവർത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ടാറിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപണികൾ പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ